(സി) വിവിധ വകുപ്പുകളും വകുപ്പ് ഉദ്യോഗസ്ഥന്മാരും ടി. പി. അക്കൗണ്ട് പാസ് ബുക്ക് 31-7-2003-നു മുമ്പ് ട്രഷറികളിൽ ഹാജരാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ട്രഷറികളിൽ ശേഖരിച്ചു വരികയാണ്.

(ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

ഓൺലൈൻ ലോട്ടറി സ്വകാര്യമേഖലയ്ക്ക് നൽകുവാനുള്ള നീക്കം

22 (2470) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന ഓൺലൈൻ ലോട്ടറി സ്വകാര്യ മേഖലയ്ക്ക് നൽകുവാൻ നീക്കമുണ്ടോ ; ഉണ്ടെങ്കിൽ ആയതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ;

(ബി) ഓൺലൈൻ ലോട്ടറി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള തീരുമാനമായെങ്കിലും ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന കരട് നിയമങ്ങൾക്ക് അന്തിമ രൂപം ആയിട്ടില്ല.

(ബി) ഇല്ല.

വ്യാജ ഒറ്റനമ്പർ ലോട്ടറി വില്പനയ്ക്കെതിരെ നടപടി

23 (2471) ശ്രീമതി മേഴ്സി രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വ്യാജ ഒറ്റ നമ്പർ ലോട്ടറി വില്പന നടത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലോക്കൽ ഫണ്ട് ആഡിറ്റ്

24 (2472) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തിയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് നടത്തിയ ഓഡിറ്റിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയ്ക്കെതിരെ എത്ര രൂപയുടെ വീതം ക്രമക്കേടുകൾ കണ്ടെത്തിയെന്ന് വിശദമാക്കാമോ ;

(സി) സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിന്റെ പേരിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സ്ഥാപനം തരം തിരിച്ച് വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് 646 ഗ്രാമപഞ്ചായത്തുകൾ 53 ബ്ലോക്ക് പഞ്ചായത്തുകൾ 12 ജില്ലാ പഞ്ചായത്തുകൾ 22 മുനിസിപ്പാലിറ്റികൾ, 2 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെ 553 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) ഈ വകുപ്പ് 2001 മേയ് മുതൽ ജൂൺ വരെ നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	തുക തടസ്സപ്പെടുത്തിയത് (ലക്ഷത്തിൽ)	തുക അംഗീകരിക്കാത്തത് (ലക്ഷത്തിൽ)
2000–01		
മുനിസിപ്പൽ കൗൺസിൽ		
മുനിസിപ്പൽ കോർപ്പറേഷൻ	600.04	260.13
2001–02		
മുനിസിപ്പൽ കോർപ്പറേഷൻ	311.83	105.89
മുനിസിപ്പൽ കൗൺസിൽ	1273.48	217.06
ഗ്രാമപഞ്ചായത്തുകൾ	6497.76	340.07
ബ്ലോക്ക് പഞ്ചായത്തുകൾ	481.25	75.04
ജില്ലാ പഞ്ചായത്തുകൾ	468.92	2.06
2002–03		
ഗ്രാമ പഞ്ചായത്തുകൾ	3923.44	1348.59
ബ്ലോക്ക് പഞ്ചായത്തുകൾ	794.08	250.09
ജില്ലാ പഞ്ചായത്തുകൾ	1331.02	59.18

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ പേരിൽ വളരെയധികം ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

2001-03 കാലഘട്ടത്തിലെ ആഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടികളുടെ ഭാഗമായി 791 നോട്ടീസുകളിലൂടെ 3,00,19,366 രൂപയുടെയും ചാർജിനത്തിൽ 143 നോട്ടീസിലായി 14,57,501 രൂപയുടെയും നഷ്ടം ഈടാക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ തുടങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ആഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എതിരെയാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്.

കെ.എസ്.എഫ്.ഇ.യിലെ മാനേജർമാർക്ക് മൊബൈൽ ഫോൺ നൽകാൻ നടപടി

25 (2473) ശ്രീ. എം. വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-ലെ മാനേജർമാർക്ക് മൊബൈൽ ഫോൺ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര മൊബൈൽ ഫോൺ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും മൊബൈൽ ഫോൺ കമ്പനിയുമായി ധാരണയായിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതിനായി എത്ര തുക വേണ്ടി വരും ;

(എഫ്) പ്രസ്തുത തുക ഏത് അക്കൗണ്ടിൽ നിന്നും ചെലവാക്കാൻ ഉദ്ദേശിക്കുന്നു ;

(ജി) കെ.എസ്.എഫ്.ഇ.-ലെ ഏതെങ്കിലും സംഘടനകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ അപ്രകാരമൊരു തീരുമാനമെടുക്കാനുള്ള സംഗതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുന്നൂറ്റി രണ്ട് (302)

(സി) എസ്കോട്ടൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്ന കമ്പനിയുമായി പ്രാഥമിക ധാരണയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly